പഠനം
◆
കെ.ടി ഹുസൈൻ

## മമ്പുറം തങ്ങന്മാർ: സമരം, പ്രത്യയശാസ്ത്രം-2

# സൈഫുൽ ബത്താർ

**മമ്പുറം** സയ്യിദ് അലവി തങ്ങളിൽ ജ്വലിച്ചുനിന്ന കൊളോണിയൽവിരുദ്ധതയുടെ മികച്ച ദൃഷ്ടാന്തമാണ് അദ്ദേഹം അറബിയിൽ എഴുതി പ്രചരിപ്പിച്ച *സൈഫുൽ ബത്താർ* എന്ന സമരകൃതി. മമ്പുറം തങ്ങളുടെ ജീവിതകാലത്തും അതിനു ശേഷവും മലബാർ മുസ്‌ലിംകളിൽ ബ്രിട്ടീഷ് ഭരണത്തിനെതിരെ സമരാഗ്നി ആളിക്കത്തിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ച ഒരു കൃതിയാണ് ഫത്‌വാ രൂപത്തിലെഴുതിയ *സൈഫുൽ ബത്താർ*. തന്റെ ആസ്ഥാനമായ മമ്പുറത്തിന് ഏതാനും കിലോമീറ്റർ അകലെയുള്ള മുട്ടിയറയിൽ 1841-ൽ നടന്ന ഒരു ലഹളയുടെ പശ്ചാത്തലത്തിലാണ് മമ്പുറം തങ്ങൾ ഈ കൃതി രചിച്ചതെന്ന് പറയപ്പെടുന്നു. ചില സാമൂഹികദ്രോഹികളെ ഉപയോഗിച്ചുകൊണ്ട് ബ്രിട്ടീഷുകാർ ആസൂത്രിതമായി സൃഷ്ടിച്ച കലാപമായിരുന്നു അത്. പള്ളിയിൽ അഭയം തേടിയ മാപ്പിളമാരെ ബ്രിട്ടീഷ് പട്ടാളം പള്ളിയിൽ കയറി വെടിവെക്കുകയായിരുന്നു. 11 മുസ്‌ലിംകൾ രക്തസാക്ഷികളായി. നേരത്തേതന്നെ കടുത്ത ബ്രിട്ടീഷ്‌വിരുദ്ധനായിരുന്ന മമ്പുറം തങ്ങളെ ഈ സംഭവം കൂടുതൽ രോഷാകുലനാക്കി. തുടർന്ന് ബ്രിട്ടീഷ് ഭരണത്തെ രാഷ്ട്രീയമായും സാമ്പത്തികമായും സാംസ്കാരികമായും ബഹിഷ്കരിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു; ബഹിഷ്കരണത്തിന്റെ രാഷ്ട്രീയം ഉൾക്കൊണ്ട ഒരു പണ്ഡിതനിൽനിന്നുണ്ടായ വിപ്ലവകരമായ ആഹ്വാനം.

കൊളോണിയൽ ഭരണത്തെ ബഹിഷ്കരിക്കാനുള്ള അദ്ദേഹത്തിന്റെ ആഹ്വാനം പെട്ടെന്നുണ്ടായ രോഷത്തിന്റെ മാത്രം അടിസ്ഥാനത്തിലായിരുന്നില്ല. നിയമനിർമാണത്തിന്റെ പരമാധികാരവുമായി ബന്ധപ്പെട്ട ഇസ്‌ലാമിന്റെ നിലപാടിൽ ഊന്നിയായിരുന്നു ഈ ബഹിഷ്കരണാഹ്വാനം എന്ന് മനസ്സിലാക്കാൻ *സൈഫുൽ ബത്താറി*ന്റെ വായന സഹായിക്കും. നിയമനിർമാണത്തിന്റെ പരമാധികാരം അല്ലാഹുവിന് മാത്രമാണെന്നും അതംഗീകരിക്കാതെ പിശാചിനെയും മറ്റു വല്ലവരെയും കൈകാര്യകർത്താക്കളാക്കുന്നത് അല്ലാഹുവിന്റെ അധികാരത്തിൽ പങ്കു ചേർക്കലാണെന്നും ബ്രിട്ടീഷ് രാജിനെ ബഹിഷ്കരിക്കാനുള്ള ന്യായം വിശദീകരിച്ചുകൊണ്ട് സയ്യിദ് അലവി തങ്ങൾ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. 'അല്ലാഹു സത്യവിശ്വാസികളുടെ കൈകാര്യകർത്താവാണ്. അവരെ അവൻ അന്ധകാരങ്ങളിൽനിന്നും പ്രകാശത്തിലേക്ക് ആനയിക്കും. സത്യനിഷേധികളുടെ കൈകാര്യകർത്താവ് പിശാചുക്കളാണ്. അവ അവരെ പ്രകാശത്തിൽനിന്നും അന്ധകാരത്തിലേക്ക് നയിക്കും' എന്ന ഖുർആൻ സൂക്തത്തെ വിശദീകരിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു: "ജനങ്ങൾ രണ്ട് വിഭാഗമാണ്. ഒരു വിഭാഗം സത്യവിശ്വാസികളാണ്. അവരുടെ കൈകാര്യകർത്താവ് അല്ലാഹുവാണ്, മറ്റാരുമല്ല. അല്ലാഹുവും റസൂലുമല്ലാതെ അവർക്ക് വേറെ കൈകാര്യകർത്താക്കളില്ല. അല്ലാഹു ഞങ്ങളുടെ യജമാനനാണ്. നിങ്ങൾക്ക് യാതൊരു യജമാനനും ഇല്ല. ഇതാണ് സത്യവിശ്വാസികൾക്ക് സത്യനിഷേധികളോട് പറയാനുള്ളത്. രണ്ടാമത്തെ വിഭാഗം സത്യനിഷേധികളാണ്. അവരുടെ കൈകാര്യകർത്താക്കൾ പിശാചുക്കളാണ്. ഈ രണ്ട് വിഭാഗങ്ങൾക്കിടയിലും വേറെ മധ്യവർത്തികളില്ല. വല്ലവനും അല്ലാഹുവിനെ വിട്ട് പിശാചിനെ കൈകാര്യകർത്താവാക്കിയാൽ അവൻ വ്യക്തമായും പരാജയപ്പെട്ടതുതന്നെ. അവൻ വമ്പിച്ച കുറ്റം ചെയ്തവനുമാണ്. അതായത് മനുഷ്യർ ഒന്നുകിൽ അല്ലാഹുവിന്റെ കൈകാര്യകർതൃത്വത്തിൽ, അല്ലെങ്കിൽ പിശാചിന്റെ കൈകാര്യകർതൃത്വത്തിൽ ആണ്. ഇവർ തമ്മിൽ ഒരു നിലക്കുമുള്ള പങ്കാളിത്തവും ഇല്ല. അല്ലാഹു പറയുന്നു: 'അല്ല, നിന്റെ നാഥൻ തന്നെ സത്യം. അവർക്കിടയിൽ ഭിന്നിപ്പുണ്ടായ വിഷയങ്ങളിൽ നിന്നെ (നബിയെ) വിധികർത്താവാക്കുകയും അനന്തരം താങ്കളുടെ വിധിയിൽ അവർക്ക് യാതൊരു മാനസികാസ്വാസ്ഥ്യവും ഇല്ലാതെ പൂർണമനസ്സോടെ അത് അംഗീകരിക്കുകയും ചെയ്യുന്നതുവരെ അവർ സത്യവിശ്വാസികളാവുകയില്ല'. അതിനാൽ നാം ഒരു നിലക്കും സത്യനിഷേധികളെ കൈകാര്യകർത്താക്കളാക്കരുത് എന്നാണ് അല്ലാഹു ഇവിടെ വിധിച്ചിരിക്കുന്നത്. അപ്പോൾ അല്ലാഹുവിന്റെ വിധിക്കെതിരെ പ്രവർത്തിക്കുന്നവർക്ക് എങ്ങനെയാണ് ഈമാനുണ്ടാവുക? അവന്റെ ഈമാൻ അല്ലാഹു നിഷേധിച്ചിരിക്കുന്നു" (*സൈഫുൽ ബത്താർ*, ഉദ്ധരണം *കേരളത്തിന്റെയും കേരള മുസ്‌ലിംകളുടെയും ചരിത്രം* 1/550 – ഡോ. സി.കെ കരീം).

മുസ്‌ലിംകളോട് യുദ്ധം പ്രഖ്യാപിച്ച ബ്രിട്ടീഷ് കൊളോണിയൽ ഭരണകൂടത്തിന്റെ നിയമം സ്വമേധയാ അനുസരിക്കാൻ ഇസ്‌ലാമികദൃഷ്ട്യാ അനുവാദമുണ്ടോ എന്ന ഒരാളുടെ ചോദ്യത്തിനാണ് മേൽപറഞ്ഞ മറുപടി സയ്യിദ് അലവി തങ്ങൾ നൽകിയത്. അല്ലാഹുവിന്റെ ഹാകിമിയ്യത്തിനെക്കുറിച്ച അദ്ദേഹത്തിന്റെ നിലപാടാണ് ഈ മറുപടിയിൽ തെളിയുന്നത്. ബ്രിട്ടീഷുകാരുടെ നിയമം നീതിയാണെന്ന് പറയുന്നതു പോലും സത്യനിഷേധത്തിന് തുല്യമാണെന്നാണ് സയ്യിദ് അലവി തങ്ങളുടെ നിലപാട്. അദ്ദേഹം എഴുതുന്നു: "സത്യനിഷേധത്തിന്റെ അടിസ്ഥാനനിയമങ്ങൾ നീതിയാണ് എന്നാണ് പറയുന്നതെങ്കിൽ അത് പറയുന്നവൻ സത്യനിഷേധിയാണ്. കാരണം അല്ലാഹു കുഫ്റിന്റെ അടിസ്ഥാനത്തിലുള്ള നിയമങ്ങളെ ആക്ഷേപിക്കുകയും ധിക്കാരവും അക്രമവും പരിധിവിട്ടതുമായി അതിനെ കണക്കാക്കുകയും ചെയ്തിരിക്കുന്നു. ഖുർആനും സുന്നത്തും ഉൾക്കൊള്ളുന്ന നിയമങ്ങളാണ് നീതി. നീതി ചെയ്യാൻ അല്ലാഹു ആജ്ഞാപിച്ചിരിക്കുന്നു. അതുകൊണ്ട് ക്രിസ്ത്യാനികളുടെ നിയമങ്ങൾ നീതിയാണ് എന്നാണെങ്കിൽ അത് ചെയ്യാൻ അല്ലാഹു ആജ്ഞാപിച്ചിരിക്കുന്നുവെന്നു വരും. അത് അവരെ എതിർക്കുന്നതിന് പ്രതിബന്ധമാവുകയും ചെയ്യും. അല്ലാഹു ചോദിക്കുന്നു: 'അനിസ്‌ലാമിക വിധിയാണോ അവൻ ആഗ്രഹിക്കുന്നത്. ദൃഢമായി വിശ്വസിക്കുന്ന ജനതക്ക് അല്ലാഹുവിനേക്കാൾ നന്നായി വിധിക്കുന്ന

വൻ ആരാണ്?' ആകയാൽ അല്ലാഹുവിന്റെ വിധി മാത്രമാണ് ഏറ്റവും നല്ല നീതി. അപ്പോൾ ക്രിസ്ത്യാനികളുടെ നിയമങ്ങൾ എങ്ങനെയാണ് നീതിയാവുക? എല്ലാ നീതിയും ഉത്തമമാണെന്ന ചിലരുടെ ധാരണയെ താഴെ പറയുന്ന ഖുർആൻ സൂക്തം തിരുത്തിയിരിക്കുന്നു: പിശാചിനെ നിഷേധിക്കാൻ അവർ ആജ്ഞാപിക്കപ്പെട്ടിരിക്കെ എങ്ങനെയാണവർ പിശാചുക്കളെ വിധികർത്താക്കളാക്കുക?" ( *സൈഫുൽ ബത്താർ*, ഉദ്ധരണം അതേ പുസ്തകം 1/554).

സയ്യിദ് അലവി തങ്ങളുടെ കൊളോണിയൽവിരുദ്ധതയും വിമോചന സങ്കൽപവും നിയമനിർമാണരംഗത്തെ അല്ലാഹുവിന്റെ പരമാധികാരവുമായി ബന്ധപ്പെട്ട ഇസ്‌ലാമിന്റെ ദാർശനികപരിസരത്തുനിന്ന് രൂപപ്പെട്ടതായിരുന്നുവെന്ന് വിലയിരുത്താൻ *സൈഫുൽ ബത്താറിൽ*നിന്ന് മുകളിൽ ഉദ്ധരിക്കപ്പെട്ടവതന്നെ മതി. ബ്രിട്ടീഷ് കൊളോണിയലിസം നിയമനിർമാണരംഗത്തുള്ള ദൈവിക പരമാധികാരത്തെ വെല്ലുവിളിക്കുന്നുവെന്ന തിരിച്ചറിവുകൂടിയാണ് അദ്ദേഹത്തെ സാമ്രാജ്യത്വവിരുദ്ധനാക്കി മാറ്റിയത്.

ഇസ്‌ലാമികേതര നിയമത്തിനു കീഴിലുള്ള മുസ്‌ലിംകളുടെ ജീവിതത്തെ സംബന്ധിച്ചുള്ള സയ്യിദ് അലവി തങ്ങളുടെ സമീപനവും പ്രത്യയശാസ്ത്രബന്ധിതമാണ്. അതിനെക്കുറിച്ച ഒരു ചോദ്യത്തിന് അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമാണ്: "യാതൊരു നിർബന്ധിതാവസ്ഥയും ഇല്ലാതെ അവരുടെ നിയമങ്ങൾ അനുസരിക്കുന്നവൻ അല്ലാഹുവിനെ ധിക്കരിക്കുന്നവനാണ്. എന്നാൽ നിർബന്ധിതാവസ്ഥയിൽ ഹൃദയത്തിൽ വെറുപ്പോടുകൂടി അത് അനുസരിക്കുന്നത് കുറ്റകരമല്ല. സത്യനിഷേധത്തിനുള്ള നിർബന്ധിതാവസ്ഥയുടെ നിയമം സത്യനിഷേധത്തേക്കാൾ ചെറിയ തെറ്റുകൾക്കുള്ള നിർബന്ധിതാവസ്ഥക്കും ബാധകമാണ്. എന്നാൽ ഹിജ്റ പോകാൻ കഴിവുള്ളവൻ നിർബന്ധിതാവസ്ഥയിൽ അവരുടെ നിയമങ്ങൾ അനുസരിച്ചാൽ കുറ്റക്കാരനാകും. കാരണം അവിടെത്തന്നെ താമസിച്ചുകൊണ്ട് അവർക്ക് ശക്തിനൽകിയത് അവൻ തന്നെയാണ്. അവരുടെ നിയമം മൂലം ഇസ്‌ലാം നിഷിദ്ധമാക്കിയത് അനുവദനീയമാക്കുകയോ ഇസ്‌ലാം അനുവദനീയമാക്കിയത് നിഷിദ്ധമാക്കുകയോ ചെയ്യേണ്ടിവരികയാണെങ്കിൽ മുസ്‌ലിംകൾക്ക് അത്തരം നിയമങ്ങൾ സ്വീകരിക്കാൻ പാടില്ല. അവർ അത് തള്ളിക്കളയുകയും വെറുക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഇസ്‌ലാം അനുവദിക്കുന്ന വിധത്തിലുള്ള നിർബന്ധിതാവസ്ഥയിൽ അത് സ്വീകരിക്കാം" (*സൈഫുൽ ബത്താർ*, ഉദ്ധരണം അതേ പുസ്തകം 1/555). കൊളോണിയൽ ആധുനികത മുസ്‌ലിം ചിന്തയിലേക്ക് ഒളിച്ചുകടത്തിയ മത രാഷ്ട്രീയ വിഭജനം തീർത്തും നിരാകരിക്കുന്നു *സൈഫുൽ ബത്താറി*ലെ ഉപര്യുക്ത വരികൾ.

നിയമനിർമാണത്തിന്റെ പരമാധികാരം അല്ലാഹുവിന് മാത്രമാണെന്ന സയ്യിദ് അലവി തങ്ങളുടെ വീക്ഷണം, തർക്കപ്രശ്നത്തിൽ തനിക്ക് ഇസ്‌ലാമികേതര നിയമം മതി എന്നു പറഞ്ഞ ഒരു മുസ്‌ലിമിന്റെ വിധി എന്താണ് എന്ന ചോദ്യത്തിന് അദ്ദേഹം നൽകിയ മറുപടിയിൽനിന്ന് സംശയലേശമന്യേ വ്യക്തമാകുന്നുണ്ട്. അദ്ദേഹം എഴുതുന്നു: "അവൻ അപ്രകാരം പറഞ്ഞത് ഇസ്‌ലാമിക നിയമത്തെ വെറുത്തുകൊണ്ടും ക്രിസ്തീയ നിയമം അനുവദനീയമാണെന്ന് വിശ്വസിച്ചുകൊണ്ടുമാണെങ്കിൽ അവൻ സത്യനിഷേധിയും മുർത്തദ്ദുമായി കഴിഞ്ഞിരിക്കുന്നു. മതപരിത്യാഗിയുടെ വിധി അവന്റെമേൽ നടപ്പിലാക്കപ്പെടണം. എന്നാൽ അവൻ ക്രിസ്തീയനിയമം അനുവദനീയമാണെന്ന് വിശ്വസിക്കാതെ ഉദ്ദേശ്യരഹിതമായി പറഞ്ഞതാണെങ്കിൽ അവൻ സത്യത്തിൽനിന്ന് വ്യതിചലിച്ചവനാണ്. ഇസ്‌ലാമിക നിയമമനുസരിച്ച് അവനെ ഭയപ്പെടുത്തൽ നിർബന്ധമാണ്. അതിനുള്ള തെളിവ് താഴെ പറയുന്ന ഖുർആൻ സൂക്തമാണ്: അല്ല, നിന്റെ നാഥൻ തന്നെയാണ് സത്യം. അവർക്കിടയിൽ ഭിന്നിപ്പുണ്ടായ കാര്യത്തിൽ താങ്കളെ വിധികർത്താവാക്കുകയും എന്നിട്ട് താങ്കളുടെ വിധിയിൽ അവർക്ക് മനസ്സിൽ യാതൊരു വിഷമവും തോന്നാതെ, അവർ അത് സർവാത്മനാ അംഗീകരിക്കുകയും ചെയ്യുന്നതുവരെ അവർ സത്യവിശ്വാസികളാവുകയില്ല" (*സൈഫുൽ ബത്താർ*, ഉദ്ധരണം അതേ പുസ്തകം 1/555).

അധിനിവേശഭരണത്തെ സൈനികമായും സാമ്പത്തികമായും ചെറുക്കാനുള്ള *സൈഫുൽ ബത്താറി*ലെ ആഹ്വാനം ഇപ്രകാരം വായിക്കാം: "നമ്മുടെ നാടുകളിൽ പ്രവേശിക്കുന്ന സത്യനിഷേധികളായ പ്രാസംഗികന്മാരെയും മറ്റും തടയണം. വേണ്ടിവന്നാൽ യുദ്ധത്തിന് തയാറാവണം. കുട്ടികൾ, അടിമകൾ, കടക്കാരൻ, സ്ത്രീകൾ എന്നിവർക്ക് കൂടി യുദ്ധത്തിൽ പങ്കെടുക്കൽ നിർബന്ധമാണ്. വിദൂരവാസികൾ ഇവർക്ക് ആയുധങ്ങളും സഹായങ്ങളും എത്തിച്ചുകൊടുക്കുകയും വേണം. ഇങ്ങനെയാണ് സത്യനിഷേധികളായ രാജാക്കന്മാരോട് വർത്തിക്കേണ്ടതെങ്കിൽ നമ്മുടെ നാട് പിടിച്ചടക്കി ഭരണം നടത്തുകയും നമ്മളെ അപമാനിക്കുകയും നാം ബഹുമാനിക്കുന്നതിനെയെല്ലാം നിന്ദിക്കുകയും ചെയ്യുന്ന സത്യനിഷേധികളോടും ഇപ്രകാരം തന്നെയാണ് പ്രവർത്തിക്കേണ്ടത്. അപ്പോൾ ഇത്തരം രാജ്യങ്ങളിലേക്ക് സമ്പത്തും ഭക്ഷ്യപദാർഥങ്ങളും ഇറക്കുമതി ചെയ്യലും അവിടെ കെട്ടിടങ്ങൾ ഉണ്ടാക്കലും അവിടത്തെ അങ്ങാടികളും മാർക്കറ്റുകളും സജീവമാക്കലും ഇസ്‌ലാമിക നിയമത്തിന് വിരുദ്ധവും അല്ലാഹുവുമായുള്ള കരാറിന് വിപരീതവും അനിസ്‌ലാമിക നിയമം സംബന്ധിച്ച് സംതൃപ്തി രേഖപ്പെടുത്തലുമാണ്. അല്ലാഹു ചോദിക്കുന്നു: അല്ലാഹുവിന്റെ ദീൻ അല്ലാത്ത മറ്റു വല്ലതുമാണോ അവർ ആഗ്രഹിക്കുന്നത്? വാസ്തവത്തിൽ ആകാശഭൂമികളിലുള്ളതെല്ലാം ഇഷ്ടാനുസാരമോ നിർബന്ധിതമായോ അവനെയാണ് അനുസരിച്ചുകൊണ്ടിരിക്കുന്നത്. അവങ്കലേക്ക് തന്നെയാണ് നിങ്ങൾ മടക്കപ്പെടുന്നതും" (*സൈഫുൽ ബത്താർ* ഉദ്ധരണം, അതേപുസ്തകം 1/548).

കൊളോണിയലിസത്തിന്റെ സാംസ്കാരിക പ്രത്യാഘാതങ്ങളെയും സയ്യിദ് അലവി തങ്ങൾ *സൈഫുൽ ബത്താറിൽ* വിശകലനം ചെയ്തിട്ടുണ്ട്. കൊളോണിയൽ വാഴ്ച മൂലം ഇസ്‌ലാമിക സമൂഹത്തിൽ മദ്യപാനം, വ്യഭിചാരം, പലിശ തുടങ്ങിയ തിന്മകൾ പെരുകിയതായി അദ്ദേഹം നിരീക്ഷിക്കുന്നു. അതിൽനിന്ന് മോചനം ലഭിക്കണമെങ്കിൽ ബ്രിട്ടീഷ് രാജിനെ ബഹിഷ്കരിക്കുകയേ നിർവാഹമുള്ളൂ എന്ന നിലപാടിലാണ് അദ്ദേഹം എത്തിച്ചേരുന്നത്. അത്തരമൊരു നിലപാട് സ്വീകരിച്ചില്ലെങ്കിൽ മേൽപറഞ്ഞ സദാചാരവിരുദ്ധ നടപടികളോട് സമൂഹം പതിയെ ഇണങ്ങിച്ചേരുകയും അവയെക്കുറിച്ച് യാതൊരു പ്രതിഷേധവും മനസ്സിൽ തോന്നാത്ത അവസ്ഥ സംജാതമാവുകയും ഒടുവിൽ യാതൊരു മോചനവും സാധ്യമല്ലാത്ത അപകടകരമായ പതനത്തിലേക്ക് സമൂഹം എത്തിപ്പെടുകയും ചെയ്യുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകുന്നുണ്ട്. *സൈഫുൽ ബത്താറി*ലെ വരികൾ: "സത്യനിഷേധികളുമായുള്ള ഇടകലർന്ന ജീവിതം അവരുടെ പിഴച്ച പെരുമാറ്റവും ദുർമാർഗത്തിലുള്ള പ്രവർത്തനങ്ങളും സംബന്ധിച്ച് അവനെ അശ്രദ്ധനാക്കിയിരിക്കുന്നു. മദ്യം, പന്നിമാംസ ഭോജനം, വ്യഭിചാരം മുതലായവ സമൂഹത്തിൽ നിലനിൽക്കുന്നത് അവൻ കണ്ടു. ത്രിയേകത്വസിദ്ധാന്തം, വഞ്ചന മുതലായവ സംബന്ധിച്ച് അവൻ നിരന്തരം കേട്ടുകൊണ്ടിരിക്കുന്നു. തന്നിമിത്തം അവരോട് യോജിപ്പ് പ്രകടിപ്പിക്കാൻ വേണ്ടി അവൻ നമസ്കാരം സംബന്ധിച്ച് അശ്രദ്ധ കാണിക്കാനും പലിശ ആഹരിക്കാനും ആരംഭിച്ചു. ഈ പറഞ്ഞതും

ഇതുപോലുള്ളതുമായ നിഷിദ്ധ കർമങ്ങളുമായി അവൻ ശരിക്കും ഇണങ്ങുകയും അവ സംബന്ധിച്ച് യാതൊരു പ്രതിഷേധവും മനസ്സിനെ ഉപദ്രവിക്കുകപോലും ചെയ്യാത്ത അവസ്ഥയിൽ അവൻ എത്തുകയും ചെയ്യുന്നു. ഈ രൂപത്തിൽ കുറച്ചു കാലം കഴിയുമ്പോൾ അജ്ഞതയുടെ ആധിക്യം നിമിത്തം അവ അനുവദനീയമാണെന്ന് അവൻ വിശ്വസിക്കാൻ ഇടയായിത്തീരുന്നു. അങ്ങനെ ഐഹികജീവിതം ഐശ്വര്യപൂർണമാക്കാൻ വേണ്ടി സ്വമതത്തെ അവൻ നിഷിദ്ധമാക്കുന്നു" (*സൈഫുൽ ബത്താർ*, ഉദ്ധരണം അതേ പുസ്തകം 1/552). കൊളോണിയലിസം സാമൂഹിക, സാംസ്കാരിക ജീവിതത്തിലുണ്ടാക്കുന്ന ധാർമികദൂഷ്യങ്ങൾ തൊട്ടുകാണിച്ചുകൊണ്ട് അതിൽനിന്ന് വിട്ടുനിൽക്കാനുള്ള ശക്തമായ ആഹ്വാനമാണ് ഈ വരികളിൽ. ക്രൈസ്തവത ഒരു മതമെന്നതിനേക്കാൾ കൊളോണിയലിസത്തിന്റെ ഉപകരണവും സാംസ്കാരിക ചിഹ്നവുമായിട്ടാണ് അക്കാലത്ത് എല്ലാ കോളനിവത്കൃത സമൂഹങ്ങളിലും തിരിച്ചറിയപ്പെട്ടിരുന്നത്. അതിനാൽ അധിനിവേശശക്തികളെ സൂചിപ്പിക്കാൻ *സൈഫുൽ ബത്താറി*ൽ ക്രിസ്ത്യാനികൾ, ക്രിസ്തുമതം തുടങ്ങിയ സംജ്ഞകൾ ഉപയോഗിക്കപ്പെട്ടതിൽ അസാംഗത്യമൊന്നുമില്ല.

കൊളോണിയൽ ഭരണക്രമത്തെയും നിയമത്തെയും സംസ്കാരത്തെയും ഇവ്വിധം വെല്ലുവിളിക്കുന്ന ഒരു സമരകൃതി ബ്രിട്ടീഷ് ഭരണകൂടത്തെ വിറളിപിടിപ്പിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ. മഹല്ലുകളിൽ രഹസ്യമായി വിതരണം ചെയ്യപ്പെട്ടിരുന്ന *സൈഫുൽ ബത്താറി*ന്റെ കോപ്പികൾ ബ്രിട്ടീഷ് ഭരണകൂടം വീടുവീടാന്തരമുള്ള റെയ്ഡിലൂടെ കണ്ടെടുത്ത് നശിപ്പിക്കുകയുണ്ടായി. രഹസ്യമായി ഒരു കോപ്പി സൂക്ഷിച്ചിരുന്ന സയ്യിദ് അലവി തങ്ങളുടെ മകൻ ഫസൽ പൂക്കോയ തങ്ങൾ പിൽക്കാലത്ത് അത് തുർക്കിയിലെ ഇസ്തംബൂളിൽനിന്ന് പുനഃപ്രസിദ്ധീകരിച്ചു. അതിന് കെ.കെ. മുഹമ്മദ് അബ്ദുൽ കരീം നടത്തിയ മലയാള ഭാഷാന്തരമാണ് ഡോ. സി.കെ കരീം അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ എടുത്തു ചേർത്തത്.

*സൈഫുൽ ബത്താർ* രചിക്കുമ്പോൾ സയ്യിദ് അലവി തങ്ങളും, *തുഹ്ഫത്തുൽ മുജാഹിദീൻ* രചിച്ച ശൈഖ് സൈനുദ്ദീനെ പോലെ ആഗോള ഇസ്‌ലാമിക സമൂഹത്തെയും മുസ്‌ലിം ഭരണാധികാരികളെയും മുമ്പിൽ കണ്ടിരുന്നുവെന്നു വേണം അനുമാനിക്കാൻ. ഗ്രന്ഥം അറബിഭാഷയിൽ രചിച്ചത്, അന്ന് അറേബ്യയടക്കം ഉൾക്കൊള്ളുന്ന സാമ്രാജ്യത്തിന്റെ അധിപനായിരുന്ന തുർക്കി സുൽത്താൻ ബ്രിട്ടീഷുകാർക്കെതിരായ മലബാറിലെ മുസ്‌ലിംകളെ സഹായിക്കണമെന്ന ഉദ്ദേശ്യത്തോടെയാണെന്ന് സംശയിക്കണമെന്ന് ചരിത്രകാരനായ ഡോ. എം. ഗംഗാധരൻ നിരീക്ഷിക്കുന്നുണ്ട്.

*സൈഫുൽ ബത്താർ* പുറത്തുവന്നതിനു ശേഷമാണ് പ്രശസ്തമായ ചേറൂർ പട (1843-ൽ) നടന്നത്. ഈ കൃതി ഉണർത്തിവിട്ട സമരോത്സുകത ചേറൂർ പടയാളികളെ സ്വാധീനിച്ചിട്ടുണ്ടാകാം. ഏഴ് മുസ്‌ലിംകളും അവരെ നേരിടാൻ നിയോഗിക്കപ്പെട്ട ക്യാപ്റ്റൻ ലീഡിന്റെ നേതൃത്വത്തിലുള്ള അഞ്ചാം മദിരാശിപ്പടയിലെ 60 ഭടന്മാരും മലപ്പുറം ജില്ലയിലെ ചേറൂർ ഗ്രാമത്തിൽ ഏറ്റുമുട്ടിയ സംഭവമാണ് ചേറൂർ പട. ഇതിൽ ബ്രിട്ടീഷ് പക്ഷത്ത് ഒരു സുബേദാറും മൂന്ന് ഭടന്മാരും കൊല്ലപ്പെടുകയും ഒരു ഇംഗ്ലീഷുകാരന്നും ഏഴ് താലൂക്ക് ശിപായിമാർക്കും പരിക്കേൽക്കുകയും ചെയ്തു. മുസ്‌ലിം പക്ഷത്തുള്ള ഏഴു പേരും രക്തസാക്ഷികളായി. മമ്പുറം തങ്ങൾ വഴി ഇസ്‌ലാം സ്വീകരിച്ച ഒരു ദലിത് സ്ത്രീയുടെ കുപ്പായമൂരി തിരൂരങ്ങാടിയിലെ ജന്മിയായ കപ്രാട്ട് കൃഷ്ണ പണിക്കർ അപമാനിച്ചതിനെ തുടർന്നാണ് ചേറൂർ ലഹള നടന്നത്. കീഴാള സ്ത്രീകൾ മാറു മറയ്ക്കുന്നത് പൊറുക്കാൻ കഴിയാത്ത കുറ്റമായി ഗണിക്കപ്പെട്ട സാമൂഹിക സാഹചര്യത്തിൽ ഒരു ദലിത് സ്ത്രീ മാറുമറച്ച് ജന്മിയുടെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ ധൈര്യം കാണിച്ചത് മമ്പുറം തങ്ങൾ കീഴാള വിഭാഗത്തിന് പകർന്നുനൽകിയ ആത്മവിശ്വാസത്തിന്റെ നിദർശനമാണ്. പതിവിനു വിരുദ്ധമായി മാറു മറച്ച് തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട സ്ത്രീയുടെ കുപ്പായം പിടിച്ചൂരി ജന്മി പരസ്യമായി അപമാനിക്കുകയായിരുന്നു. ഇതിൽ ക്ഷുഭിതരായ മുസ്‌ലിംകൾ കൃഷ്ണ പണിക്കരെ കൊലപ്പെടുത്തിയതിനെ തുടർന്നാണ് ലഹള നടന്നത്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ *കേരള സംസ്കാര ചരിത്ര നിഘണ്ടു*, സവർണരെ പോലെ മാറു മറയ്ക്കാനുള്ള അവകാശത്തിനായി കേരളത്തിലെ കീഴാള സ്ത്രീകൾ നടത്തിയ ചാന്നാർ ലഹളയുടെ ഭാഗമായി അടയാളപ്പെടുത്തിയ സംഭവം കൂടിയാണ് ചേറൂർ ലഹള. മാപ്പിള കലാപങ്ങൾക്ക് നൽകിയ പ്രോത്സാഹനത്തേക്കാൾ മമ്പുറം തങ്ങളെയും മകൻ ഫസൽ പൂക്കോയ തങ്ങളെയും ഇംഗ്ലീഷ് അധികാരികളുടെ കണ്ണിലെ കരടാക്കി മാറ്റിയത് തങ്ങളുടെ സാന്നിധ്യവും സാമൂഹിക ഇടപെടലും കൊണ്ട് അവർ കീഴാള വിഭാഗത്തിന് പകർന്നു നൽകിയ ആത്മവിശ്വാസവും ധൈര്യവുമാണ്. അക്കാലത്ത് ഹിന്ദുമതത്തിന്റെ പുറമ്പോക്കിൽ പോലും സ്ഥാനം അനുവദിക്കപ്പെടാതിരുന്ന കീഴാള വിഭാഗത്തിന് തങ്ങളുടെ അവകാശങ്ങൾക്കു വേണ്ടി പോരാടാനും സ്വയം അടിമത്തത്തിൽനിന്ന് മോചിതരാകാനും പ്രത്യയശാസ്ത്രം നൽകുകയാണ് അവർ ചെയ്തത്. ആ പ്രത്യയശാസ്ത്രത്തിന്റെ ബലമാണ് ജന്മിയുടെ മുമ്പിൽ ശരീരം മറച്ച് പ്രത്യക്ഷപ്പെടാൻ ചിരുത എന്ന ദലിത് സ്ത്രീയെ പ്രാപ്തയാക്കിയത്.

ചേറൂർ ലഹളയിൽ രക്തസാക്ഷികളായ മുസ്‌ലിംകളുടെ ഭൗതികശരീരം തിരൂരങ്ങാടിയിൽ കൊണ്ടുവന്ന് കത്തിച്ചുകളയാനായിരുന്നു ബ്രിട്ടീഷ് അധികൃതരുടെ നീക്കം. ഇത് മണത്തറിഞ്ഞ സയ്യിദ് അലവി തങ്ങൾ അനുയായികളോടൊപ്പം നടത്തിയ പ്രക്ഷോഭത്തെത്തുടർന്ന് പട്ടാളം മൃതദേഹങ്ങൾ വഴിയിൽ ഉപേക്ഷിച്ച് കടന്നുകളയുകയായിരുന്നു. അനന്തരം മമ്പുറം അലവി തങ്ങൾ ഇസ്‌ലാമിക മര്യാദയനുസരിച്ച് മൃതദേഹങ്ങൾ തിരൂരങ്ങാടി മന്താനി പറമ്പിൽ സംസ്കരിച്ചു. 1921-ലെ മലബാർ സമരകാലത്ത് ചേറൂർ പടയാളികളുടെ ഖബ്ർ സന്ദർശിക്കുന്നതു പോലും അറസ്റ്റ് ചെയ്യപ്പെടാനുള്ള കാരണമായാണ് ബ്രിട്ടീഷ് അധികൃതർ പരിഗണിച്ചിരുന്നത്.

മമ്പുറം സയ്യിദ് അലവി തങ്ങൾ ഹിന്ദു-മുസ്‌ലിം സഹവർത്തിത്വത്തിന്റെ ശക്തനായ വക്താവായിരുന്നു. ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കണമെങ്കിൽ ഹിന്ദു-മുസ്‌ലിം ഐക്യം അനിവാര്യമാണെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു. മരണം വരെ മമ്പുറം അലവി തങ്ങളുടെ കാര്യസ്ഥനായി സേവനം ചെയ്തത് കോന്തു നായർ എന്ന ഹിന്ദുവായിരുന്നു. ദലിത് സ്ത്രീയെ അപമാനിച്ചതിന്റെ പേരിൽ കൊല ചെയ്യപ്പെട്ട കപ്രാട്ട് കൃഷ്ണ പണിക്കരും ആദ്യകാലത്ത് മമ്പുറം തങ്ങളുടെ സുഹൃത്തായിരുന്നു. തനിക്ക് ലഭിച്ചിരുന്ന പാരിതോഷികങ്ങളെല്ലാം മതജാതിഭേദമന്യേ പാവങ്ങൾക്കിടയിൽ അലവി തങ്ങൾ വിതരണം ചെയ്തു. അദ്ദേഹത്തിന്റെ ധർമനിഷ്ഠമായ ജീവിതവും ദാനശീലവുമാണ് അദ്ദേഹത്തിന് അനുയായികളെ നേടിക്കൊടുത്തത്. മമ്പുറം തങ്ങളുടെ വ്യക്തിപ്രഭാവത്തിൽ ആകൃഷ്ടരായി -പ്രത്യേകിച്ച് കീഴാള വിഭാഗത്തിൽ നിന്ന്- പലരും ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. ഇസ്‌ലാമിക പ്രബോധനാർഥം അദ്ദേഹം പ്രബോധകന്മാരെ നിയോഗിക്കുകയും ചെയ്തിരുന്നു. എല്ലാ ജാതി മതസ്ഥരുടെയും സ്നേഹാദരവുകൾ നേടിയ ഒരു സാമൂഹിക പരിഷ്കർത്താവിനെ മമ്പുറം സയ്യിദ് അലവി തങ്ങളുടെ ബഹുമുഖ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ അദ്ദേഹത്തിൽ നമുക്ക് ദർശിക്കാനാവും.

ഇസ്‌ലാമിക സമൂഹത്തിലേക്ക് അ

രിച്ചുകയറിയ ശിർക്കൻ പ്രവണതകൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ സധീരം പടപൊരുതിയ ഇസ്‌ലാമിക നവോത്ഥാനത്തിന്റെ മുന്നണി പോരാളികളിൽ ഒരാളായ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയെ *സൈഫുൽ ബത്താറി*ൽ മമ്പുറം തങ്ങൾ കൂടെക്കൂടെ ഉദ്ധരിക്കുന്നത് ഇബ്നുതൈമിയ്യയുടെ നിലപാടുകളെയും പ്രവർത്തനങ്ങളെയും മമ്പുറം തങ്ങൾ അംഗീകരിക്കുകയും അദ്ദേഹത്തെ ആദരിക്കുകയും ചെയ്തിരുന്നു എന്നതിന്റെ തെളിവാണ്. പിൽക്കാലത്ത് സയ്യിദ് അലവി തങ്ങളുടെ ഖബ്റിടം കേന്ദ്രീകരിച്ച് മമ്പുറത്ത് രൂപംകൊണ്ട ശിർക്കൻ ആചാരങ്ങളിലൂടെയും പ്രചരിച്ച കെട്ടുകഥകളിലൂടെയും അദ്ദേഹത്തെ വായിക്കാൻ ശ്രമിക്കുന്നത് അബദ്ധമായിരിക്കും. മാത്രമല്ല, ശീഈ പശ്ചാത്തലമുള്ള കൊണ്ടോട്ടി തങ്ങന്മാരുടെ ആഗമനത്തോടെ കേരളത്തിൽ പ്രചാരം നേടിയ പല അന്ധവിശ്വാസങ്ങളെയും മമ്പുറം തങ്ങളും അദ്ദേഹത്തിന്റെ പൂർവികരായ ജിഫ്രി തങ്ങന്മാരും എതിർത്തിരുന്നുവെന്നത് അംഗീകൃത ചരിത്രവസ്തുതയാണ്. അര നൂറ്റാണ്ടിലേറെക്കാലം കേരളത്തിലെ മത പണ്ഡിതന്മാർ ചേരിതിരിഞ്ഞ് നടത്തിയ പ്രമാദമായ കൊണ്ടോട്ടി-പൊന്നാനി കൈതർക്കത്തിന് തുടക്കം കുറിക്കപ്പെട്ടത് മമ്പുറം തങ്ങളുടെ മാതുലനായ ശൈഖ് ജിഫ്രി, കൊണ്ടോട്ടി തങ്ങൾ പ്രചരിപ്പിച്ച അന്ധവിശ്വാസങ്ങൾക്കെതിരെ പുറത്തിറക്കിയ ഫത്‌വയോടു കൂടിയായിരുന്നു. ശീഈ പശ്ചാത്തലമുള്ള കൊണ്ടോട്ടി തങ്ങന്മാരുടെ ത്വരീഖത്തിലൂടെയാണ് യഥാർഥത്തിൽ ഖബ്റാരാധന അടക്കമുള്ള പല അനാചാരങ്ങളും കേരളത്തിലെ സുന്നീ സമൂഹത്തിലേക്ക് പകർന്നതെന്ന് കാണാവുന്നതാണ്. കൊണ്ടോട്ടി-പൊന്നാനി കൈതർക്കത്തിൽ അന്ധവിശ്വാസവിരുദ്ധരായ പൊന്നാനി കൈക്കാർക്ക് ആശയപരമായ മേൽക്കൈ ലഭിച്ചുവെങ്കിലും ഏതൊരു സംവാദത്തിന്റെയും അനന്തരമായി സംഭവിക്കാറുള്ളതുപോലെ, കൊണ്ടോട്ടി വിഭാഗത്തിന്റെ പല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പൊന്നാനി വിഭാഗത്തിലേക്ക് നുഴഞ്ഞുകയറുകയാണുണ്ടായതെന്ന് സൂക്ഷ്മ നിരീക്ഷണത്തിൽ ബോധ്യപ്പെടുന്നതാണ്. ഇപ്രകാരം നുഴഞ്ഞുകയറിയ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും 1926-ൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ എന്ന യാഥാസ്ഥിതിക പണ്ഡിത കൂട്ടായ്മയുടെ രൂപവത്കരണത്തോടെ സ്ഥാപനവത്കരിക്കപ്പെടുകയായിരുന്നു. ഇങ്ങനെ ആദ്യം ശീഈ പശ്ചാത്തലമുള്ള കൊണ്ടോട്ടി കൈക്കാർ കേരളത്തിലെ സുന്നീ വിഭാഗത്തിലേക്ക് ഒളിച്ചുകടത്തുകയും പിൽക്കാലത്ത് 'സമസ്ത'യുടെ രൂപീകരണത്തോടെ സ്ഥാപനവത്കരിക്കപ്പെടുകയും ചെയ്ത ശിർക്കൻ വിശ്വാസങ്ങളെയും അനിസ്‌ലാമിക ആചാരങ്ങളെയും, ഈ പ്രതിഭാസം രൂപപ്പെടുന്നതിനും എത്രയോ കാലങ്ങൾക്കു മുമ്പ് മരണപ്പെടുകയും ശൈഖ് ജിഫ്രിയുടെ പാതയിൽ അടിയുറച്ചുനിന്ന് സമുദായ പരിഷ്കരണത്തിന് നേതൃത്വം നൽകുകയും ചെയ്ത സയ്യിദ് അലവി തങ്ങളുടെ പാരമ്പര്യമായി വ്യാഖ്യാനിക്കുന്ന പ്രവണത അദ്ദേഹത്തിന്റെ ചരിത്രത്തോട് ചെയ്യുന്ന അനീതിയാണ്. സയ്യിദ് അലവി തങ്ങളുടെ പുത്രൻ സയ്യിദ് ഫസലിനെയും അദ്ദേഹത്തിന്റെ കുടുംബത്തെയും ബ്രിട്ടീഷുകാർ അറേബ്യയിലേക്ക് നാടുകടത്തിയ ശേഷം അവരുടെ കുടുംബത്തിൽപെട്ട നിക്ഷിപ്തതാൽപര്യക്കാരും സാമ്രാജ്യത്വത്തിന്റെ പാദസേവകരുമായ ചിലർക്ക് മമ്പുറം സ്വത്തിന്റെ അവകാശം സ്ഥാപിച്ചുകിട്ടിയതോടെയാണ് യഥാർഥത്തിൽ മമ്പുറം തങ്ങളുടെ ആത്മാവ് ഒരിക്കലും പൊറുക്കാത്ത വിധം അദ്ദേഹത്തിന്റെ അന്ത്യവിശ്രമ സ്ഥലം അന്ധവിശ്വാസങ്ങളുടെ കൂടാരമായിത്തീർന്നതെന്ന് കരുതാൻ ന്യായങ്ങളുണ്ട്. പിൽക്കാലത്ത് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ഥാപനവത്കരിക്കപ്പെടുകകൂടി ചെയ്തതോടെ മമ്പുറത്തിന് സംഭവിച്ച ഈ വിധിവൈപരീത്യം അരക്കിട്ടുറപ്പിക്കപ്പെടുകയും ചെയ്തു.

മമ്പുറം സയ്യിദ് അലവി തങ്ങൾ ഹിജ്റ 1260/ക്രി.വ. 1844-ൽ 90-ാമത്തെ വയസ്സിൽ മരണപ്പെട്ടു. സാമൂഹിക പരിഷ്കർത്താവും കൊളോണിയൽവിരുദ്ധ രാഷ്ട്രീയത്തിന്റെ ധൈഷണികാചാര്യനുമായ സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ അദ്ദേഹത്തിന്റെ പുത്രനാണ്. സാമ്രാജ്യത്വവിരുദ്ധ സമരനായകരായ വെളിയങ്കോട് ഉമർ ഖാദി, പരപ്പനങ്ങാടി അവുക്കോയ മുസ്‌ലിയാർ തുടങ്ങിയവർ സയ്യിദ് അലവി തങ്ങളുടെ ശിഷ്യന്മാരാണ്.

ktmhussain@yahoo.co.in

അടുത്ത ലക്കത്തിൽ:
**സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ**